# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3755 - 25.06.2013-ലെ മറുപടിക്ക്**

## ധനസ്ഥിതി സംബന്ധിച്ച അവലോകന സമിതി റിപ്പോർട്ട്

**ചോദ്യം** | **ഉത്തരം**

**ശ്രീ. കെ.ദാസൻ**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പൊതുവായ അവലോകന സമിതിയുടെ 3-ാമത് റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ? | 3-ാം കേരള പൊതുവ്യയ അവലോകന സമിതിയുടെ 1-ാം റിപ്പോർട്ട് പ്രധാനമായും സംസ്ഥാനത്തിന്റെ പൊതു ചെലവുകളുടെ അവലോകനമാണ് നടത്തിയിരിക്കുന്നത്. പ്രധാന പരാമർശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു;<br>i) 2004-05 മുതൽ 2010-11 വരെ സംസ്ഥാനത്തിന്റെ നികുതി വരുമാനം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കൊപ്പം സ്ഥിരമായ വളർച്ച കാണിക്കുന്നുണ്ട്.<br>ii) നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം തൃപ്തികരമല്ല.<br>iii) നികുതിയേതര വരുമാനം വളർച്ച കാണിക്കുന്നെങ്കിൽ തന്നെയും ഇത് നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറിയ തുകയാണ്. |

| | |
|---|---|
| | iv) 11-ാം ധനകാര്യ കമ്മീഷനു ശേഷം കേന്ദ്രത്തിൽ നിന്നുള്ള വിഹിതം തുടർച്ചയായി കുറഞ്ഞു വരുന്നു.<br>v) 2010-11 ലെ റവന്യു വരവിനെക്കാൾ കൂടിയ റവന്യൂ ചെലവ് 3674 കോടി രൂപയുടെ റവന്യു കമ്മിക്ക് കാരണമായിട്ടുണ്ട്.<br>vi) ഈ കാലയളവിലെ മൂലധന ചെലവ് 283 ശതമാനം വളർച്ച കാണിക്കുന്നെങ്കിലും യഥാർത്ഥ തുക വളരെ ചെറുതാണ്.<br>vii) തുടർച്ചയായ റവന്യു കമ്മി കാരണം മൂലധന ചെലവുകൾക്കായി ആവശ്യമായ തുക വിനിയോഗിക്കാൻ സംസ്ഥാനത്തിനു കഴിയുന്നില്ല. കൂടാതെ വർദ്ധിച്ച കടഭാരത്തിനും ഇതു കാരണമാകുന്നു.<br>viii) മറ്റുള്ള സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രധാന ധനസൂചികകളായ കടബാദ്ധ്യത, തനതു നികുതി വരുമാനം, ആളോഹരി അടിസ്ഥാനത്തിലുള്ള മൂലധന വിഹിതം തുടങ്ങിയവയിലുള്ള സംസ്ഥാനത്തിന്റെ പ്രകടനം തൃപ്തികരമല്ല. |

**സെക്ഷൻ ഓഫീസർ**